(ഐ) അതിപ്പോൾ എത്രയാണ് ;

(ജെ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ തൊഴിൽ രഹിതരുടെ എണ്ണം എത്രയായിരുന്നു ;

(കെ) ഇപ്പോൾ തൊഴിൽ രഹിതരുടെ എണ്ണം എത്രയാണ് ?

ഉത്തരം

(എ-കെ) വിവരം ശേഖരിച്ചുവരുന്നു.

ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള സാമ്പത്തിക മൽസരം

41 (42) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള സാമ്പത്തിക അന്തരം കുറയ്ക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തു ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള സാമ്പത്തിക അന്തരം എത്രമാത്രം ഉണ്ടായിരുന്നു ; ഇപ്പോൾ അതെത്രയാണ് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഗവൺമെന്റ് സർവ്വീസ്, പൊതുമേഖലാ സർവ്വീസ്, സ്വകാര്യ സംരംഭങ്ങളിലെ സർവ്വീസ് എന്നിവയിലെ ഏറ്റവും ഉയർന്ന ശമ്പള വരുമാനവും ഏറ്റവും കുറഞ്ഞ ശമ്പള വരുമാനവും എത്രയായിരുന്നു ; ഇവ തമ്മിലുള്ള അനുപാതം എത്രയായിരുന്നു ;

(ഡി) ഇപ്പോൾ ഇത് എത്രയാണ് ; ഇവ തമ്മിലുള്ള അനുപാതം എത്രയാണ് ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ എത്രപേരുണ്ടായിരുന്നു ;

(എഫ്) ഇപ്പോൾ എത്രപേരുണ്ട് ?

ഉത്തരം

(എ) ഉൽപ്പാദന മേഖല ശക്തിപ്പെടുത്തുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, പശ്ചാത്തല മേഖലയുടെ സമാനമായ വികസനം എന്നിവയ്ക്കാണ് പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്. പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന്റെ സാമ്പത്തിക ഉന്നമനം ത്വരിതപ്പെടുത്തുന്നതിന് ലക്ഷ്യം വച്ചുകൊണ്ടു കൂടിയാണ് തദ്ദേശീയമായ വികസന ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കി വരുന്നത്.

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ&എഫ്) 1996-ൽ ഗ്രാമവികസനവകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം 18.79 ലക്ഷം കുടുംബങ്ങൾ ദരിദ്രരേഖയ്ക്ക് താഴെയായിരുന്നു. ഇത് 2000 ആഗസ്റ്റ് മാസത്തോടെ 17.23 ലക്ഷമായി കുറഞ്ഞിട്ടുണ്ടെന്നാണ് ഒടുവിലത്തെ താൽക്കാലിക കണക്കുകൾ വ്യക്തമാക്കുന്നത്.

പദ്ധതിത്തുകയുടെ വിനിയോഗം

42 (43) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പദ്ധതി പ്രവർത്തനത്തിനായി എന്തു തുക വീതം മാറ്റി വച്ചു ;

(ബി) അതിൽ ഓരോ വർഷവും എന്തു തുക വീതം ചെലവഴിച്ചു ;

(സി) ഈ കാലഘട്ടത്തിൽ പദ്ധതി പ്രവർത്തനത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തു തുക വീതം ലഭിച്ചു ;

(ഡി) അതിൽ ഓരോ വർഷവും എന്തു തുക വീതം ചെലവഴിച്ചു ;

(ഇ) ഈ കാലയളവിൽ പദ്ധതി പ്രവർത്തനത്തിനായി നീക്കി വച്ച തുകയുടെ എത്ര ശതമാനം വീതം ലാപ്സായി ;

(എഫ്) ഓരോ വർഷവും എത്ര ശതമാനം വീതം വികസനമുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചത് ;

(ജി) ഓരോ വർഷവും യഥാർത്ഥത്തിൽ എത്ര ശതമാനം വീതം വികസനം ഉണ്ടാക്കാൻ കഴിഞ്ഞു ;

(എച്ച്) 2000-2001 -ലെ പദ്ധതി ചെലവ് എത്രയായാണ് നിജപ്പെടുത്തിയത് ; അത് തൊട്ടു മുൻ വർഷത്തെക്കാൾ എത്ര ശതമാനം കൂടുതലായിരുന്നു ;

(ഐ) 2000-2001 ലേക്ക് നിജപ്പെടുത്തിയ പദ്ധതിച്ചെലവിൽ എന്തെങ്കിലും വെട്ടിച്ചുരുക്കൽ വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം ;

(ജെ) വെട്ടിക്കുറച്ച പ്രകാരം 2000-2001-ലെ പദ്ധതി അടങ്കൽ എത്രയാണ് ;

(കെ) 2000-2001-ലെ പദ്ധതി അടങ്കലിൽ വെട്ടിക്കുറവു വരുത്തിയതെന്നാണ് ; അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(എൽ) 2000-2001-ലെ പദ്ധതി പ്രവർത്തനത്തിന് 2000 ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31 എന്നീ തീയതികൾ വരെ യഥാക്രമം എന്തു തുക വീതം ചെലവായിട്ടുണ്ട് ;

(എം) പ്രസ്തുത ഓരോ തീയതികളിലും കൃഷി, വ്യവസായം, വൈദ്യുതി, പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, പൊതുമരാമത്ത്, ഇറിഗേഷൻ, ശുദ്ധജല വിതരണം, മത്സ്യബന്ധനം, വിനോദ സഞ്ചാരം, സഹകരണം, സാമൂഹ്യക്ഷേമം എന്നിവയ്ക്കു വേണ്ടി എന്തു തുക വീതം ചെലവായി എന്നു പറയുമോ ?

948/2010

LIBRARY ARCHIVES Kerala Legislative Assembly